## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 842 — 25.01.2018-ൽ മറുപടിക്ക്

### ആദിവാസി സമൂഹങ്ങൾക്ക് സ്വയം ഭരണാവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എം. വിൻസെന്റ്: | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) ആദിവാസി സമൂഹങ്ങൾക്ക് സ്വയം ഭരണാവകാശം നൽകുന്ന 'പെസ' നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | എ), ബി), സി) & ഡി) സംസ്ഥാനത്ത് 'പെസ' നടപ്പാക്കുന്നതിന്റെ ഭാഗമായി, 'പട്ടിക പ്രദേശങ്ങൾ' ആയി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്ന അനുയോജ്യമായ പ്രദേശങ്ങൾ ശാസ്ത്രീയമായി നിജപ്പെടുത്താനായി 'പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ' തയ്യാറാക്കുന്നതിന് ഒരു 'ഹയർ ലെവൽ കമ്മിറ്റി' രൂപീകരിച്ചിട്ടുണ്ട് (G.O.(MS)No.38/2017/SCSTDD തീയതി 17.05.2017). ടി കമ്മിറ്റിയുടെ 27.11.2017ലെ യോഗ തീരുമാനപ്രകാരം, മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് ആവശ്യമായ വിവര ശേഖരണം, മാപ്പിംഗ് തുടങ്ങിയ കാര്യങ്ങൾ ചെയ്തുവരുന്നു. |
| ബി) 'പെസ' പട്ടികയ്ക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; | |
| സി) നിലവിലെ ഒരു പഞ്ചായത്ത് വാർഡിനകത്തുതന്നെ ഊരുകൾ മാത്രമായുള്ള ചെറിയ സ്വയംഭരണ പ്രദേശങ്ങൾ സൃഷ്ടിക്കപ്പെടുന്നതിന്റെ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | |
| ഡി) കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ അഞ്ചാം പട്ടികപ്രദേശങ്ങൾ പ്രഖ്യാപിക്കണമെന്ന ആദിവാസി സംഘടനകളുടെ ആവശ്യം പരിഗണിച്ച് ഇക്കാര്യത്തിൽ ഉടനെ തീരുമാനം എടുക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ